"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ചികിത്സയുമായി ബന്ധപ്പെട്ടുള്ള അവയവങ്ങളുടേയും ടിഷ്യൂകളുടേയും നീക്കംചെയ്യൽ, സംരക്ഷണം, മാറ്റിവയ്ക്കൽ എന്നിവ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിച്ചും അതിനെ 1955-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്ററി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.146/2021/ആ.കു.വ തീയതി, തിരുവനന്തപുരം, 06/08/2021

---

പരാമർശം:-

1. 06.08.2015-ലെ സ.ഉ(സാധാ)നം.2557/2015/ആ.കു.വ
2. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ജോയിന്റ് സെക്രട്ടറിയുടെ 02.05.2018 ലെ എസ്.12011/01/2018-എം.എസ് നമ്പർ അർദ്ധ ഔദ്യോഗിക കത്ത്
3. കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിങ് നോഡൽ ഓഫീസറുടെ 06.05.2020, 25.11.2020, 31.12.2020 തീയതികളിലെ കത്തുകൾ.
4. 04.11.2020, 23.12.2020 എന്നീ തീയതികളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

നൂറു ശതമാനം കേന്ദ്ര സഹായത്തോടെ കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാം. എല്ലാ സംസ്ഥാനങ്ങളിലും/കേന്ദ്രഭരണ പ്രദേശങ്ങളിലും സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (സോട്ടോ) രൂപീകരിക്കുന്നതിന് ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോട്ടോ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിനായി 59.60 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുമുണ്ട്.

2. സംസ്ഥാനത്ത് അവയവദാനവും അവയവം മാറ്റിവെയ്ക്കലും സുഗമമാക്കുന്നതിന്, സംസ്ഥാനതലത്തിൽ ഒരു നെറ്റ്‌വർക്കിംഗ് ഓർഗനൈസേഷനായി പ്രവർത്തിക്കുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രകാരം കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.നോബിൾ ഗ്രേഷ്യസ് നിലവിൽ ഇതിന്റെ നോഡൽ ഓഫീസറായി പ്രവർത്തിച്ചുവരുന്നു.

3. അവയവദാനവും അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളും നിരവധി ധാർമ്മിക പ്രശ്നങ്ങൾ ഉയർത്തുന്നതിനാൽ ഇതിനെ നിയന്ത്രിക്കുന്നതിനായി പ്രത്യേക നിയമവും റെഗുലേറ്ററി ബോഡിയും നിലവിലുണ്ട്. എന്നാൽ ഇവയിലെ ചില പോരായ്മകൾ സംസ്ഥാനത്ത് അവയവമാറ്റ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. അവയവങ്ങളുടെ ലഭ്യത ആവശ്യകതയേക്കാൾ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ നിയമത്തിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിച്ചും സാമൂഹിക മൂല്യങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടും അവയവമാറ്റത്തിന് സംസ്ഥാനത്ത് നിലവിലുള്ള വ്യവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. അവയവദാനവും അവയവമാറ്റ ശസ്ത്രക്രിയകളും ഒരു സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവരുന്നത് വഴി ഈ ലക്ഷ്യം നിറവേറ്റാനാകും. അതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ്

ഓർഗനൈസേഷൻ (സോട്ടോ) സ്ഥാപിക്കുന്നതിനും ആയത് 1955-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ്, പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള വിശദമായ ശിപാർശ, കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സഹിതം കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിങ് നോഡൽ ഓഫീസർ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചികിത്സയുമായി ബന്ധപ്പെട്ടുള്ള മനുഷ്യ അവയവങ്ങളുടെയും ടിഷ്യുകളുടെയും നീക്കംചെയ്യൽ, സംഭരണം, മാറ്റിവയ്ക്കൽ എന്നിവ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം 1994 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിനു കീഴിൽ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിച്ചും ഇതിനെ 1955 ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയും ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിലെ വ്യവസ്ഥകളും നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാമിലെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ് നെ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ലയിപ്പിച്ചും, അനുബന്ധമായി ചേർത്തിട്ടുള്ള നിർദ്ദിഷ്ട സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, റൂൾസ് ആന്റ് റെഗുലേഷൻസ് എന്നിവ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇതു സംബന്ധിച്ച തുടർ നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിങ് നോഡൽ ഓഫീസർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ & ചെയർമാൻ, ജില്ലാതല ആതറൈസേഷൻ കമ്മിറ്റി, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/എറണാകുളം/തൃശ്ശൂർ/ കോഴിക്കോട്
ഡോ. നോബിൾ ഗ്രേഷ്യസ്, നോഡൽ ഓഫീസർ, കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിങ്, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നമ്പർ.173 തീയതി, 04.08.2021)
ധനകാര്യ വകുപ്പ് (14.01.2021 ലെ എച്ച്.എൽ.റ്റി/എ2/24/2020/ധന പ്രകാരം)
നിയമ വകുപ്പ് (09.02.2021 ലെ 175/കൺവെ.2/2021/നിയമം പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്
*പകർപ്പ്:* മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by Anil Kumar.d
Date: 06-08-2021 15:29:03
Reason: Approved
സെക്ഷൻ ഓഫീസർ